29 (1573) ഡി.പി.ഇ.പി. നടപ്പിലാക്കിയ വർഷം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. കേരളത്തിൽ ഒട്ടാകെ ഏത് അദ്ധ്യയന വർഷം മുതലാണ് നടപ്പിലാക്കിയത്;

(ബി) 1995, 1996, 1997, 1998, 1999 എന്നീ അദ്ധ്യയന വർഷങ്ങളിൽ ഒന്നാം ക്ളാസ്സിൽ എത്ര വിദ്യാർത്ഥികളെ വീതം ചേർത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ അഞ്ച് വർഷങ്ങളിൽ അൺ എയിഡഡ് സ്കൂളുകളിലെ അഡ്മിഷൻ എത്ര വീതം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡി.പി.ഇ.പി. കേരളത്തിൽ ഒട്ടാകെ നടപ്പാക്കിയിട്ടില്ല.

(ബി) പ്രസ്തുത വർഷങ്ങളിൽ സംസ്ഥാനത്ത് ഒന്നാം ക്ളാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ കണക്ക് ചുവടെ ചേർക്കുന്നു.

അദ്ധ്യയന വർഷം	കുട്ടികളുടെ എണ്ണം
1995-96	5,19,048
1996-97	5,07,072
1997-98	4,75,301
1998-99	4,64,925
1999-2000	വിവരം ശേഖരിച്ചു വരുന്നു.

(സി) അൺ എയിഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകളിലെ 1995-96 മുതൽ ഉള്ള ഒന്നാം ക്ളാസ്സിലെ പ്രവേശനത്തിലെ കണക്ക് താഴെ ചേർക്കുന്നു.

അദ്ധ്യയന വർഷം	കുട്ടികളുടെ എണ്ണം
1995-96	24,316
1996-97	25,220
1997-98	25,816
1998-99	26,104
1999-2000	വിവരം ശേഖരിച്ചു വരുന്നു.

30 (1574) ഡി.പി.ഇ.പി. നടത്തിപ്പിന് ചെലവഴിച്ച തുക

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തിന് ഇതിനകം എത്ര സംഖ്യ ലഭ്യമായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ജില്ല തിരിച്ച് ചെലവഴിച്ച സംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഡി.പി.ഇ.പി. ക്ക് അനുവദിച്ച സംഖ്യ ഉപയോഗപ്പെടുത്താതെ ലാപ്സാക്കിയതായ വാർത്ത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡി.പി.ഇ.പി. നടപ്പിലാക്കുവാനായി രൂപീകരിച്ചിട്ടുള്ള ''പ്രൈമറി എഡ്യൂക്കേഷൻ ഡവലപ്മെന്റ് സൊസൈറ്റി ഓഫ് കേരള'' (പെഡ സ്ക്) ക്കാണ് പണം അനുവദിച്ചു കിട്ടുന്നത്. പ്രസ്തുത സൊസൈറ്റിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 31.3.99 വരെ 93.39 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആറ് ജില്ലകളിലാണ് ഡി.പി.ഇ.പി. പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഓരോ ജില്ലകൾക്കുവേണ്ടിയും ചെലവഴിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

കാസർഗോഡ് - 1229.888 ലക്ഷം രൂപ

വയനാട് - 619.066 ലക്ഷം രൂപ

മലപ്പുറം - 2484.145 ലക്ഷം രൂപ

പാലക്കാട് - 1069.952 ലക്ഷം രൂപ

ഇടുക്കി - 388.734 ലക്ഷം രൂപ

തിരുവനന്തപുരം - 865.364 ലക്ഷം രൂപ

(സി)&(ഡി) ഡി.പി.ഇ.പി. ക്ക് അനുവദിച്ച തുക ലാപ്സായതായുള്ള റിപ്പോർട്ടുകൾ ശരിയല്ല. ഡി.പി.ഇ.പി. ഒരു തുടർ പ്രവർത്തനം ആയതിനാൽ ഒരു നിർദ്ദിഷ്ട വർഷത്തെ പദ്ധതി പ്രവർത്തനത്തിനായി നീക്കിവച്ചിട്ടുള്ള തുക, ആ വർഷം തന്നെ ചെലവായില്ലെങ്കിൽ 'സ്പിൽ ഓവർ ആക്ടിവിറ്റി' ആയി തൊട്ടടുത്ത വർഷം നടത്തുന്നു. ആയതിനാൽ അനുവദിച്ച തുക യൊന്നും ലാപ്സാകുന്നില്ല.

31 (1575) സ്കൂൾ അനുവദിക്കുന്നതിൽ മുസ്ലീം ന്യൂനപക്ഷത്തിന് അർഹമായ പ്രാതിനിധ്യം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ളസ് ടൂ സ്കൂളുകൾ അനുവദിച്ചതിൽ മുസ്ലീം ന്യൂനപക്ഷത്തിന് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന പരാതി ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഗവണ്മെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly